പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 148** **16-10-2026-ൽ മറുപടിയ്ക്ക്**

**മുൻ സർക്കാർ സംഘടിപ്പിച്ച കായിക ഉച്ചകോടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. കെ. എം. അഭിജിത്ത്

ഡോ. മാത്യു കുഴൽനാടൻ

ശ്രീമതി കെ. കെ. രമ

ശ്രീ. രമേഷ് പിഷാരടി

**മറുപടി നൽകിയ മന്ത്രി**

ശ്രീ. ഒ. ജെ. ജനീഷ്

(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാർ 2024ൽ സംഘടിപ്പിച്ച കായിക ഉച്ചകോടി വെറും വാഗ്ദാന തട്ടിപ്പ് ആയിരുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** കായിക ഉച്ചകോടിയുടെ മറവിൽ വഞ്ചനയും സാമ്പത്തിക തട്ടിപ്പും നടന്നതായി ആരോപിച്ച് ശ്രീ. പ്രമോദ് കെ. ആർ. സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തുന്നതിനു കായിക യുവജനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്

**(ബി)** കായിക വകുപ്പ് സംഘടിപ്പിച്ച രാജ്യാന്തര സ്പോർട്സ് സമിറ്റ് കേരളയിലൂടെ സംസ്ഥാനത്തെ കായിക മേഖലയിൽ 4500 കോടി രൂപയുടെ നിക്ഷേപം ഉറപ്പാക്കിയെന്ന് അന്നത്തെ കായിക മന്ത്രി പ്രഖ്യാപിച്ചിരുന്നോ; എന്നാൽ കണക്കുകൾ എല്ലാം വ്യാജമാണെന്ന് ഉച്ചകോടിയിൽ പങ്കെടുത്ത സ്ഥാപനങ്ങൾ വെളിപ്പെടുത്തിയിരുന്നോ; വ്യക്തമാക്കാമോ;

**മറുപടി:** കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ട്, കേരളത്തിലെ കായിക ലോകത്തിന് പുത്തൻ ഉണർവ്വും ദിശാബോധവും നൽകികൊണ്ട് 2024 ജനവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചു.

സ്പെയിൻ, ഇറ്റലി, ബ്രിട്ടൻ, ജപ്പാൻ, സ്വീഡൻ, തുർക്കി, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളിൽ നിന്നും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമായി ഉച്ചകോടിയിൽ പങ്കെടുത്ത പ്രതിനിധികൾക്ക് മുൻപിൽ കേരളത്തിന്റെ കായിക മികവും സാധ്യതകളും അവതരിപ്പിക്കപ്പെട്ടു. സംസ്ഥാനത്തെ കായിക മുന്നേറ്റത്തിന് ഉതകുന്ന വിവിധ പദ്ധതികൾ അവതരിപ്പിക്കുകയും വിവിധ പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങൾ ലഭ്യമാവുകയും ചെയ്തു.

**(സി)** സ്പോൺസർഷിപ്പ് തേടി ഉച്ചകോടിയിൽ പങ്കെടുത്ത കായിക അക്കാദമികളുടെ പ്രോജക്ടുകളെ നിക്ഷേപമായി പരിഗണിച്ചാണ് മുൻ കായിക മന്ത്രി കണക്കുണ്ടാക്കിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** കായിക യുവജനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അന്വേഷണ പരിധിയിൽ ഈ വിഷയം ഉൾപ്പെടുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**